"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ലോക ഭിന്നശേഷി ദിനമായി ഡിസംബർ 3 ആഘോഷിച്ചതിന്റെ ചെലവുകൾ ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി --ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.115/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/01/2020**

പരാമർശം:- സാമൂഹ്യനീതി ഡയറക്ടറുടെ 12.11.2019-ലെ കത്ത്.

**ഉത്തരവ്**

ലോക ഭിന്നശേഷി ദിനമായ 2019 ഡിസംബർ 3 സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ അവബോധ പരിപാടികളോടുകൂടി ആഘോഷിക്കുന്നതിനായി, ജില്ലാ തലത്തിൽ നടത്തുന്ന പ്രവർത്തന പരിപാടികൾക്ക്, ഗ്രാമ പഞ്ചായത്തുകൾ 5 0 0 0 / - രൂപ വീതവും ,ബ്ലോക്ക് പഞ്ചായത്തുകൾ/മുൻസിപ്പാലിറ്റികൾ 10000/- രൂപ വീതവും കോർപ്പറേഷനുകൾ 15000/- രൂപ വീതവും തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള അനുമതിയാണ് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലോക ഭിന്നശേഷി ദിനമായ 2019 ഡിസംബർ 3 സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ അവബോധ പരിപാടികളോടുകൂടി ആഘോഷിച്ചതിന്റെ ചെലവുകൾക്കായി സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾ പരമാവധി 5,000/- രൂപ (അയ്യായിരം രൂപ മാത്രം) വീതവും ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും പരമാവധി 10,000/- രൂപ (പതിനായിരം രൂപ മാത്രം) വീതവും കോർപ്പറേഷനുകൾ പരമാവധി 15,000/- രൂപ (പതിനയ്യായിരം രൂപ മാത്രം) വീതവും തനത് ഫണ്ടിൽ നിന്നും, കമ്മിറ്റി തീരുമാനത്തിന് വിധേയമായി, അതാത് ജില്ലാ സാമൂഹ്യനീതി ആഫീസർക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

കൈപ്പറ്റുന്ന തുകയ്ക്ക്, പ്രസ്തുത ജില്ലാ സാമൂഹ്യനീതി ഓഫീസർ വരവ് ചെലവുകളുടെ അടിസ്ഥാനത്തിലുള്ള ധനവിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീനമോൾ കെ ജെ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

ധനകാര്യ വകുപ്പ് / സാമൂഹ്യ നീതി വകുപ്പ്.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ